TB Panel Movie Review

By Aarjith Pradeep

The Murder on the Orient Express (2017)

അഗത ക്രിസ്റ്റിയുടെ ഹെർക്യൂൾ പൊയ്റോട്ടിനെ ആർക്കും പരിചയപ്പെടുത്തേണ്ട കാര്യമില്ല.പലരേയും വായനയുടെ ലോകത്തിലേക്ക് പിച്ചവെപ്പിച്ച ലോകത്തിലെ ഏറ്റവും മികച്ചയൊരു ഡിറ്റെക്റ്റീവ് കഥാപത്രമായിരുന്നു പൊയ്റോട്ട്.1934 ൽ പുറത്തിറങ്ങിയ അഗതാ ക്രിസ്റ്റിയുടെ The murder on the orient express എന്ന നോവൽ പല കാലങ്ങളിൽ വിവിധ ഭാഷകളിൽ സിനിമകളും സീരിയലുകളുമായി അവതരിക്കപ്പെട്ടു. അതിന്റെ ഏറ്റവും പുതിയ പതിപ്പാണ് Kennath Branagh ന്റെ സംവിധാനത്തിൽ 2017 ൽ പുറത്തിറങ്ങിയ ഹോളിവുഡ് സിനിമ.

ജെറുസലേമിലെ ഹോളി ചർച്ചിൽ നടന്ന മോഷണകേസ് പരിഹരിച്ചതിന് ശേഷം തിരിച്ചു ലണ്ടനിലേക്ക് എത്താനായി, ആ കാലത്തെ ലക്ഷ്വറി ട്രെയിൻ സർവീസ് ആയ Orient Express ൽ പോയ്റോട്ട് സഞ്ചരിക്കുന്നു. ആ ട്രെയിനിലെ യാത്രകനും ബിസിനസുകാരനുമായ ratchett അന്ന് രാത്രി പൊയ്റോട്ടിനു അടുത്ത് എത്തുകയും ചില ബിസിനസുകൾ കാരണം തന്റെ ജീവന് പല ഭാഗത്തു നിന്നായി ഭീഷണിയുണ്ട് എന്നും തന്നെ സംരക്ഷിക്കാൻ കൂടെ നിന്നാൽ വലിയ പ്രതിഫലം തരാം എന്നും പറയുന്നു.. പോയ്റോട്ട് ആ ജോലിയിൽ താല്പര്യമില്ല എന്ന് പറഞ്ഞു ഒഴിഞ്ഞു മാറുന്നു. പുലർച്ചെ മഞ്ഞിടിടിച്ചിലിൽ പെട്ട് ട്രെയിൻ പാളം തെറ്റി നിൽക്കുന്നു.. അപ്പോഴാണ് എല്ലാരും ആ സത്യം തിരിച്ചറിയുന്നത്, ratchett കൊല്ലപ്പെട്ടിരിക്കുന്നു. തന്റെ കണ്മുന്നിലെ കൊലയാളിയെ വെളിച്ചത്ത് കൊണ്ടു വരാൻ ലോകത്തിലെ ഏറ്റവും മികച്ച ഡിറ്റെക്റ്റീവ് ശ്രമം തുടങ്ങുന്നു..

നോവൽ വായിച്ചവർക്കെല്ലാമറിയാം climax ആരും പ്രതീക്ഷിക്കാത്ത കൊലപാതകി തന്നെയാണെന്ന്. Climax മുൻകൂട്ടി അറിയാമെന്നത് കൊണ്ടു തന്നെ പുസ്തക വായനയിലെ ത്രില്ല് സിനിമക്ക് തരാനായില്ല. പക്ഷെ അതി മനോഹരമായ ചിത്രീകരണവും VFX ഉം നമ്മളെ 90 വർഷം മുൻപുള്ള ലോകത്തിലേക്ക് ആനയിക്കും.

ഹെർക്യൂൾ പൊയ്റോട്ടിനു തിരശീലയിൽ ജീവൻ കൊടുക്കുന്ന പതിനഞ്ചാമത്തെ വ്യക്തിയാണ് kennath Branagh. നമ്മുടെ സങ്കല്പത്തിലെ ബെൽജിയൻ ബുദ്ധി രാക്ഷസനോട് മാനസികമായും ശാരീരികമായും നീതി പുലർത്താൻ ഒരു പരിധി വരെ അദ്ദേഹത്തിനായി. Johny Depp ന്റെ Rathchett ന്റെ കഥാപാത്രം എടുത്തു പറയേണ്ട ഒന്ന് തന്നെയാണ്.Penelope Cruz, Willem Dafoe തുടങ്ങി ഒരു പിടി മികച്ച താരങ്ങളും ഇതിന്റെ ഭാഗമായി മാറി...

അടുത്ത കാലത്ത് നല്ല അഭിപ്രായം കേട്ട ഒരു കന്നഡ സിനിമ കണ്ടിരുന്നു Sivaji surathkal. സിനിമ കണ്ടിരിക്കാവുന്ന ഒന്ന് തന്നെ ആയിരുന്നു. Climax കണ്ടപ്പോൾ കുട്ടികാലത്തു വായിച്ച ആ നോവൽ വീണ്ടും മനസിലേക്ക് ഓടിയെത്തി..